എച്ച്2/35920/2011/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം: തീയതി: .03.2012

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

........................

........................

സർ,

വിഷയം :- പൊതു വിദ്യാഭ്യാസം-അദ്ധ്യാപക പാക്കേജ്- റിട്രഞ്ച്ഡ് അദ്ധ്യാപകർക്കുള്ള നിയമനം സംബന്ധിച്ച്.

സൂചന:- 1. 01.10.2011 ലെ സർക്കാർ ഉത്തരവ് നമ്പർ(പി) 199/11/പൊ.വി.
2. ..................തീയതിയിലെ സ.ഉ (നം)...........

സൂചനയിലെ ഉത്തരവ് പ്രകാരം റഗുലർ അംഗീകാരമുള്ള തസ്തികയിൽ ജോലി നോക്കുകയും 15.07.1997-ന് ശേഷം കുട്ടികളുടെ കുറവ് മൂലം തസ്തിക നഷ്ടപ്പെട്ട് സർവ്വീസിൽ നിന്ന് പുറത്തുപോയ അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുകയുണ്ടായി. അതനുസരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്രഞ്ച് ചെയ്യപ്പെട്ട അദ്ധ്യാപകരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ക്രമനമ്പർ:.......... ആയി താങ്കളുടെ പേരുൾപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ താങ്കൾ ജോലി നോക്കിയിരുന്ന സ്കൂൾ ഉൾപ്പെടുന്ന ജില്ല/ഉപജില്ല വിദ്യാഭ്യാസ ആഫീസിൽ താങ്കൾ നേരിട്ട് ഹാജരായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ പേര് രജിസ്റ്റർ ചെയ്തതുകൊണ്ടു മാത്രം താങ്കളെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയതായി കണക്കാക്കാനോ, ശമ്പളത്തിനോ, മറ്റ് ആനുകൂല്യങ്ങൾക്കോ അർഹതയുണ്ടായിരിക്കുന്നതല്ല. പേര് രജിസ്റ്റർ ചെയ്യുമ്പോൾ ഇതിനോടൊപ്പം കൊടുത്തിട്ടുള്ള സത്യപ്രസ്താവനയും നൽകേണ്ടതാണ്. താങ്കളുടെ അപേക്ഷയും

(മറുപുറം)

സത്യപ്രസ്താവനയും പരിശോധിച്ച് തീരുമാനമെടുത്ത് താങ്കളെ ട്രെയിനിംഗ്/ നിയമനം എന്നിവയ്ക്ക് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിഗണിയ്ക്കുന്നതാണ്. താങ്കൾക്ക് ട്രെയിനിംഗിനായി സൗകര്യപ്രദമായ ജില്ലകളുടെ (3 എണ്ണം) മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ 13.04.2012-ന് മുൻപ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

**പൊതു വിദ്യാഭ്യാസ ഡയറക്ടർ.**

**D/28/3/2012**